## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട** **28.05.2019 ൽ**
**നിയമസഭാ ചോദ്യം നമ്പർ : 2** **മറുപടിക്ക്**

## പോലീസ് സേനയുടെ ശാക്തീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ. ശശി<br>ശ്രീ. റ്റി.വി. രാജേഷ്<br>ശ്രീ. പി.ടി.എ. റഹീം<br>ശ്രീ. എൻ. വിജയൻ പിള്ള | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്ത് പോലീസ് സേനയെ ആധുനീകരണത്തിലൂടെ ശാക്തീകരിക്കാൻ ചെയ്ത കാര്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | എ) പോലീസ് സേനയുടെ ആധുനികവൽക്കരണത്തിനായി 2018-19 സാമ്പത്തിക വർഷത്തിൽ 136 കോടി രൂപയാണ് അനുവദിച്ചത്. 2019-20 ൽ 175 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മുൻവർഷങ്ങളിലേതിനേക്കാൾ ഏകദേശം മൂന്നിരട്ടി അധികമാണിത്.<br>തൃശ്ശൂർ റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറിയെ ഹൈടെക് ലബോറട്ടറിയായി ഉയർത്തി.<br>ബാങ്കുകൾ, ധനകാര്യസ്ഥാപനങ്ങൾ, ജ്വല്ലറികൾ, ഫാക്ടറികൾ എന്നിവയുടെ സി.സി.ടി.വി സംവിധാനം പോലീസുമായി ബന്ധപ്പെടുത്തി നിർവ്വഹിക്കുന്നതിന് സെൻട്രൽ ഇൻട്രൂഷൻ മോണിറ്ററിംഗ് സിസ്റ്റം (CIMS) നടപ്പിലാക്കുന്നതിന് അനുമതി നൽകി. CCTV Cameras with Remote Monitoring പദ്ധതി 200 പോലീസ് സ്റ്റേഷനുകളിൽ നടപ്പാക്കുന്നതിന് 14 ജില്ലകൾക്ക് ഫണ്ട് അനുവദിച്ചു.<br>ട്രാഫിക് നിയമലംഘകരിൽ നിന്ന് പിഴ ഈടാക്കുന്നതിനും റോഡ് സുരക്ഷ |

ഉറപ്പാക്കുന്നതിനുമായി നടപ്പാക്കുന്ന ഇന്റഗ്രേറ്റഡ് ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം എന്ന പദ്ധതിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. ട്രാഫിക് പോലീസിന്റെ യൂണിഫോമിൽ ഘടിപ്പിക്കാവുന്ന ക്യാമറ വഴി നിയമലംഘകരെ കണ്ടെത്താനും നടപടി സ്വീകരിച്ചു.

സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിന് പരിശീലനം നൽകുന്നതിനായി പോലീസ് അക്കാദമിയിൽ സൈബർ ഫോറൻസിക് ലാബ് ഉൾപ്പെട്ട കേന്ദ്രം ആരംഭിച്ചു. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി എല്ലാ ജില്ലകളിലും 1515 എന്ന ടോൾഫ്രീ നമ്പരിൽ ബന്ധപ്പെടാവുന്ന കൺട്രോൾ റൂമുകൾ ആരംഭിച്ചു. അഞ്ച് നഗരങ്ങളിൽ 112 എന്ന നമ്പരിൽ ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് പോലീസിന്റെ അടിയന്തര സഹായം തേടുന്നതിനുള്ള എമർജൻസി റെസ്പോൺസ് സപ്പോർട്ട് സിസ്റ്റം ആരംഭിച്ചു.

ഓരോ പോലീസ് സ്റ്റേഷനുകൾക്കും സ്വന്തം വെബ്സൈറ്റ് തുടങ്ങാനും നടപടി സ്വീകരിച്ചിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ പോലീസിൽ പരാതികൾ സ്വീകരിക്കാൻ സംവിധാനമൊരുക്കി. പോലീസിന്റെ സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് മൊബൈൽ ആപ്പുകളും വെബ് പോർട്ടലുകളും സജ്ജമാക്കി.

അന്വേഷണ ഉദ്യോഗസ്ഥർക്ക് വിരലടയാള വിവരങ്ങൾ ഉടനടി ലഭ്യമാക്കാനുതകുന്ന നൂതന സംവിധാനമായ 'ഓട്ടോമേറ്റഡ് ഫിംഗർ ഐഡന്റിഫിക്കേഷൻ സിസ്റ്റം' ഏർപ്പെടുത്തി.

പ്രതികളെ ചോദ്യം ചെയ്യുന്നതിനായി ആധുനികരീതിയിൽ ഇന്ററോഗേഷൻ റൂം സജ്ജമാക്കി.

| | | | |
|---|---|---|---|
| ബി) | സംസ്ഥാനത്ത് നിന്ന് ഐ.എസ്-ൽ ചേരാൻ പോയവർ ഉണ്ടെന്നും ചാവേറുകളുടെ ലക്ഷ്യസ്ഥാനങ്ങളിൽ കേരളവും ഉൾപ്പെടുന്നുമുണ്ടെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ കൂടുതൽ ജാഗ്രത പാലിക്കുന്നതിനും എക്സ്‌പ്ലോസീവ് ഡിറ്റക്ടർ, ആളില്ലാ ആകാശവാഹനം തുടങ്ങിയ ആധുനികോപകരണങ്ങൾ ഉപയോഗപ്പെടുത്തുന്നതിനും നടപടിയെടുത്തിട്ടുണ്ടോ; | ബി) | ആഭ്യന്തര സുരക്ഷ കൂടുതൽ ശക്തിപ്പെടുത്തുകയും, രഹസ്യാന്വേഷണം ഊർജ്ജിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന ആഭ്യന്തര – വ്യക്തിഗത സുരക്ഷക്കായി എക്സ്‌പ്ലോസീവ് ഡിറ്റക്ടറുകളും, ആളില്ലാ ആകാശവാഹനവും, മറ്റ് സുരക്ഷാ ഉപകരണങ്ങളും ഉപയോഗിക്കുന്നു. |
| സി) | കോസ്റ്റ് ഗാർഡിന്റെ സേവനത്തിന് പുറമെ സംസ്ഥാനത്തിന്റെ തീരങ്ങളിലും മറ്റ് അതിർത്തികളിലും ജാഗ്രത കൂടുതൽ ശക്തിപ്പെടുത്താൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ? | സി) | സംസ്ഥാന തീരങ്ങളിലും മറ്റ് അതിർത്തികളിലും ജാഗ്രത ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 18 കോസ്റ്റൽ പോലീസ് സ്റ്റേഷനിലും കോസ്റ്റൽ ഇന്റലിജൻസ് വിംഗ് രൂപീകരിച്ചിട്ടുണ്ട്. ഇതിൽ നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ ശേഖരിക്കുന്ന വിവരങ്ങൾ കോസ്റ്റ് ഗാർഡുമായും , ഇന്ത്യൻ നേവിയുടെ ജോയിന്റ് ഓപ്പറേഷൻ സെന്ററുമായും പങ്കുവയ്ക്കാറുണ്ട്. തീരദേശമേഖലകളിൽ ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെയും, മറൈൻ എൻഫോഴ്സ്മെന്റിന്റെയും സഹകരണത്തോടെ ബോട്ട് പട്രോളിംഗും നടത്തിവരുന്നുണ്ട്.<br><br>നൈറ്റ് വിഷൻ ബൈനോക്കുലർ, മറൈൻ വി.എച്ച്.എഫ് സെറ്റ്, സാറ്റലൈറ്റ് ഫോൺ ഉൾപ്പെടെയുള്ള അത്യാധുനികഉപകരണങ്ങൾ എല്ലാ തീരദേശ പോലീസ് സ്റ്റേഷനുകളിലും ലഭ്യമാണ്. തീരദേശപരിപാലനം ശക്തമാക്കുന്നതിനായി 'ഇന്റർ സെപ്റ്റർ' ബോട്ടുകളിൽ ജീവൻ രക്ഷാ ഉപകരണങ്ങൾ ഉൾപ്പെടെയുള്ള അത്യാധുനിക സജ്ജീകരണങ്ങൾ |

ലഭ്യമാക്കിയിട്ടുണ്ട്. തീരസുരക്ഷ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി തീരദേശവാസികളെ ഉൾപ്പെടുത്തിയുള്ള കടലോര ജാഗ്രതാസമിതികൾക്ക് രൂപം നൽകിയിട്ടുണ്ട്.

ഇതിനു പുറമെ, തീരദേശ മേഖലകളിലെ മത്സ്യത്തൊഴിലാളി വിഭാഗത്തിൽ നിന്നും കോസ്റ്റൽ വാർഡൻമാരായി തെരഞ്ഞെടുത്ത 200 പേരിൽ പരിശീലനത്തിന് റിപ്പോർട്ട് ചെയ്ത 177 പേരുടെ പരിശീലനം നടന്നുവരികയാണ്. ഇത് പൂർത്തിയാകുന്ന മുറയ്ക്ക് ഇവരെ വിവിധ കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിൽ നിയമിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ